ചട്ടത്തിലെ 155 (2) അനുസരിച്ച് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷന്റെ ശുപാർശയോടുകൂടി വാസ്തുശിൽപവും തനിമയും നിലനിർത്തിക്കൊണ്ട് അഗ്രഹാരങ്ങൾ പുതുക്കിപ്പണിയുന്നതിന് അനുമതി നൽകാൻ വ്യവസ്ഥയുണ്ട്.

**(3) വെച്ചൂച്ചിറ പോളി ടെക്നിക്കിന്റെയും ഹോസ്റ്റലിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകാനുള്ള നടപടി**

ശ്രീ. രാജു എബ്രഹാം : സർ, വെച്ചൂച്ചിറ പോളി ടെക്നിക്കിന് കെട്ടിടവും ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതിക്കുവേണ്ടി 2001-ൽ പോയ ഫയൽ ടെക്നിക്കൽ എജ്യൂക്കേഷൻ ഡയറക്ടർ പിടിച്ചുവച്ചിരിക്കുകയാണ്. 2 ഏക്കർ സ്ഥലം ഗ്രാമ പഞ്ചായത്ത് നൽകാമെന്ന് പറഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. ഗവൺമെന്റ് മോഡണൈസേഷൻ പദ്ധതിയുമായി പോകുകയാണ്. വേഗം ഫയലുകൾ നീങ്ങുകയാണ്. ഒരു അസിസ്റ്റന്റ് ഡയറക്ടറാണ് ഈ ഫയൽ 2 വർഷക്കാലമായി പിടിച്ചുവച്ചിരിക്കുന്നത്. ഇത്തരം ആളുകളെ അടിച്ചു പുറത്താക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ഇതിന് തടസ്സം നിൽക്കുന്നവരെ ഞാൻ പുറത്താക്കാം. രണ്ടാമത് റെക്കമന്റ് ചെയ്യരുത്. വെച്ചൂച്ചിറ പോളിടെക്നിക് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പണിയുന്നതിന് 3.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2 ഏക്കർ സ്ഥലം പഞ്ചായത്തുതന്നെ തരാമെന്ന് ബഹുമാനപ്പെട്ട എം.എൽ. എ. പറഞ്ഞു. അത് കിട്ടുന്ന മുറയ്ക്ക് വളരെ അടിയന്തിരമായി ഹോസ്റ്റൽ കെട്ടിടം അടക്കം പണി ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

**(4) ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ താത്ക്കാലിക ജീവനക്കാരുടെ പ്രശ്നങ്ങൾ**

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, Lal Bahadoor Sasthri Centre for Science and Technology എന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനം നമ്മുടെ സംസ്ഥാനത്തിന്റെ അകത്തും പുറത്തും അറിയപ്പെടുന്ന ഒരു പ്രശസ്ത സ്ഥാപനമായി വളർന്നു കഴിഞ്ഞു. 1980 മുതൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സജീവമായി മുന്നോട്ടു നീങ്ങുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിരവധി എൻജിനീയറിംഗ് കോളേജുകളും മറ്റ് അനുബന്ധ സ്ഥാപനങ്ങളും ഉടലെടുത്തുകഴിഞ്ഞു. എന്നാൽ എനിക്ക് ഒരു കാര്യം ഉന്നയിക്കുവാനുള്ളത്, അവിടെ 10 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന ജീവനക്കാർക്ക് ഇതുവരെ അവരുടെ ജോലി സ്ഥിരപ്പെടുത്തുകയോ മറ്റ് ആനുകൂല്യങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. അവർ കൂടി വളരെ കഠിനാദ്ധ്വാനം ചെയ്താണ് പല സ്ഥാപനങ്ങളും ഉണ്ടാക്കിയത്. പുതുതായി നിയമിക്കുന്നവർ സ്ഥിരം ജീവനക്കാരാണ്. ഈ സ്ഥാപനം ഉണ്ടാക്കി എടുക്കുന്നതിന് വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി ഉണ്ടായിട്ടില്ല. കോടതിയിൽ കേസും മറ്റ് കാര്യങ്ങളുമൊക്ക പറഞ്ഞ് തടസ്സം നിൽക്കരുത്. ഇപ്പോൾ കേസ് നിലവിലില്ല. എത്രയും പെട്ടെന്ന് ഇവരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.



LIBRARY ARCHIVES Kerala Legislative Assembly